ഉത്തരം

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 3,97,35,653 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 1,10,80,000 രൂപയും ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) 12,84,000 രൂപ കൊടുത്തുതീർക്കുവാനുണ്ട്.

(സി) തൃശ്ശൂർ ജില്ലയിൽ 3,00,000 രൂപ കൊടുത്തുതീർക്കുവാനുണ്ട്.

(ഡി) & (ഇ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. പി. എസ്. വാസുവിന് 30-7-2003-ലെ സ. ഉ. (സാധാ.) 618/03/പജപവവിവ പ്രകാരം 25,000 രൂപ ചികിത്സാ ധനസഹായമായി ആശുപത്രിയിലേക്ക് നൽകുന്നതിന് അനുവദിക്കുകയുണ്ടായി. എന്നാൽ ശ്രീ. വാസുവിന്റെ ശസ്ത്രക്രിയ കഴിഞ്ഞതിനാൽ പ്രസ്തുത ഉത്തരവിൽ ഭേദഗതി വരുത്തി അപേക്ഷകന് നേരിട്ട് തുക നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസനത്തിനായുള്ള പദ്ധതികൾ

178 [1705] ശ്രീ. കെ. കെ. ജയചന്ദ്രൻ :

,, കെ. വി. കുഞ്ഞിരാമൻ :

,, വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

ഉത്തരം

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ വിദ്യാഭ്യാസ-ആരോഗ്യ-സാമ്പത്തിക-സാമൂഹ്യക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

പേരാമ്പ്രയിലെ പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുള്ള ഐ.റ്റി.ഐ.—യുടെ പ്രവർത്തനം

179 [1706] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ പട്ടികവിഭാഗ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള സർക്കാർ ഐ.ടി.ഐ. ആരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ;

† അനുബന്ധം IX.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—IX

[2-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 178 (1705)-ന്റെ ഉത്തരം ദയവായി കാണുക]

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ

1. മാതൃകാ റസിഡൻഷ്യൽ സ്കൂൾ (18) നിർമ്മാണവും നടത്തിപ്പും.
2. ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം.
3. പെൺകുട്ടികൾക്കുള്ള പ്രീ മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം.
4. ട്രൈബൽ ഹോസ്റ്റലുകളുടെ നവീകരണം.
5. സ്കൂളുകളിൽ പഠിക്കുന്നവർക്കും പരാജിതരായവർക്കും വേണ്ടിയുള്ള ട്യൂട്ടോറിയൽ പദ്ധതി.
6. അട്ടപ്പാടി ഫാമിംഗ് സഹകരണ സംഘത്തിന് സ്കൂൾ നടത്തുന്നതിനുള്ള ധനസഹായം.
7. ഭാരത ദർശനം.
8. കലാ കായിക വിനോദങ്ങളിൽ സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം.
9. ഗ്രൂപ്പ് ഫാമുകൾക്ക് ധനസഹായം.
10. മാനന്തവാടി, അട്ടപ്പാടി, ഇടുക്കി ഹെൽത്ത് പ്രോജക്ടുകൾ.
11. അംബേദ്കർ സ്മാരക ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട്, വയനാട്-ന് ധനസഹായം.
12. പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
13. അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ.
14. വിവിധ രോഗങ്ങൾ ബാധിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ചികിത്സയും പുനരധിവാസവും.

LIBRARY ARCHIVES Kerala Legislative Assembly

15. പട്ടികവർഗ്ഗക്കാർക്ക് വർഷകാലത്ത് ജോലിക്ക് ആഹാരം നൽകുന്ന പരിപാടി.

16. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ.

17. ഐ.റ്റി.ഐ./ഐ.റ്റി.സി. ജയിച്ചവർക്ക് പ്രത്യേക അപ്രന്റീസ് പരിശീലനം.

18. പട്ടികവർഗ്ഗക്കാർക്കു വേണ്ടിയുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.

19. പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പ്രാമുഖ്യം നൽകിയിട്ടുള്ള നീർത്തട വികസന പദ്ധതി.

20. ഭവന നിർമ്മാണ പരിപാടി.

21. ദേശീയ പട്ടികവർഗ്ഗ കലാ-വ്യാപാരമേള.

22. അടിയർ, പണിയർക്കു വേണ്ടിയുള്ള പ്രത്യേക പരിപാടി.

23. പട്ടികവർഗ്ഗ മേഖലകളിൽ കുടുംബശ്രീ പരിപാടി.

24. പട്ടികവർഗ്ഗക്കാർക്കുള്ള അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സേർച്ച് & ഡെവലപ്മെന്റ് സ്കീം.

25. ഊരു കൂട്ടങ്ങളുടെ രൂപീകരണം.

26. സന്നദ്ധ സംഘടനകൾക്ക് ധന സഹായം.

27. ധാന്യ ബാങ്കുകളുടെ രൂപീകരണം.

28. പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം.

29. പ്രഗത്ഭരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ.

30. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണത്തിനുള്ള സ്ഥലം വാങ്ങൽ.

31. പട്ടികവർഗ്ഗക്കാർക്കുള്ള യുവജനോത്സവം.

32. പട്ടികവർഗ്ഗ ഉപ പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതികൾ.

33. പട്ടികവർഗ്ഗ മേഖലകളിലെ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം.

34. വയനാട് ജില്ലയിലെ കുടിവെള്ള സൗകര്യം മെച്ചപ്പെടുത്തൽ.

35. പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പടുത്തൽ.

36. പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ അടിസ്ഥാന സൗകര്യം മെച്ചപ്പടുത്തൽ.

2/2314/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly